ചുരുങ്ങിയത് ഒരു പട്ടണ പ്രദേശത്തോ അതല്ലെങ്കിൽ പഞ്ചായത്തിലോ ഇതിന് ഭൂമി ഏറ്റെടുത്ത് കൊടുക്കുവാനും മാലിന്യ സംസ്കരണം നടത്തുന്നതിനു വേണ്ടിയുള്ള മോഡൽ പ്ലാന്റുകൾ. ഉണ്ടാക്കിക്കൊടുക്കുവാനുമുള്ള നടപടികൾ സ്വീകരിക്കുമോ ?

ശ്രീ. പാലോളി മുഹമ്മദ്കുട്ടി : ഭൂമി ഏറ്റെടുക്കുന്നതിനുള്ള പ്രയാസമാണ് നമ്മളിവിടെ ചർച്ച ചെയ്തത്. അതുകൊണ്ട് ഓരോ ജില്ലകളിലും എല്ലാ മാലിന്യങ്ങളും ശേഖരിച്ച് ഒരു സ്ഥലത്ത് കൊണ്ടുവന്ന് സംസ്ക്കരിക്കുക എന്നുള്ളതല്ല, വികേന്ദ്രീകരണം ശക്തിപ്പെടുത്തി ഓരോ ജില്ലകളിലും അതിനു പുറമേ വരുന്ന മാലിന്യങ്ങൾ സംസ്ക്കരിക്കത്തക്ക രീതിയിൽ നല്ല പ്ലാന്റുകൾ ഓരോ ജില്ലയിലും സ്ഥാപിക്കുവാനാവശ്യമായ സ്ഥലം കണ്ടെത്തി ഗവൺമെന്റുകൂടി ഇടപെട്ട്, അതാത് മുനിസിപ്പാലിറ്റികൾക്ക്, ചില പ്രദേശത്ത് ഒരു മുനിസിപ്പാലിറ്റി മാത്രമല്ല, പല ലോക്കൽ ബോഡീസ് കൂട്ടായി പരിശ്രമിച്ച് ഉണ്ടാക്കാൻ ഗവൺമെന്റ് ആലോചിക്കുന്നുണ്ട്.

മി. സ്പീക്കർ : ചോദ്യം നമ്പർ-482

ഓണം വാരാഘോഷ പരിപാടികൾ

2 (*482) ശ്രീ. കെ. അജിത് :
ശ്രീ. പള്ളിപ്രം ബാലൻ :
ശ്രീ. കെ. രാജു :
ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷത്തെ ഓണം വാരാഘോഷ പരിപാടികൾ വിനോദ സഞ്ചാര വകുപ്പ് നടത്തുന്നുണ്ടോ ; എങ്കിൽ എന്നു മുതലാണെന്ന് വ്യക്തമാക്കുമോ ;

(ബി) എല്ലാ ജില്ലകളിലും ആഘോഷ പിരപാടികൾ സംഘടിപ്പിക്കുന്നുണ്ടോ ;

(സി) എന്തൊക്കെ പരിപാടികളാണ് വാരാഘോഷത്തിൽ ഉൾപ്പെടുത്തുന്നത് ;

(ഡി) വാരാഘോഷ പരിപാടികൾ വിജയിപ്പിക്കുന്നതിന് ഇതിനകം സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ?

ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രിക്കുവേണ്ടി നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ) : സർ,

(എ) ഉണ്ട്. തിരുവനന്തപുരത്ത് സംസ്ഥാനതല ഓണാഘോഷ പരിപാടികൾ ആഗസ്റ്റ് 22-ന് ആരംഭിച്ച് 28-ാം തീയതി ഓണം ഘോഷയാത്രയോടുകൂടി സമാപിക്കുന്നതാണ്.

(ബി) ഉണ്ട്. ജില്ലകളിൽ ആഗസ്റ്റ് 23 മുതൽ 27 വരെ ജില്ലാ കളക്ടർമാർ ചെയർമാനായുള്ള ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലുകൾ മുഖേന വിവിധ പരിപാടികൾ സംഘടിപ്പിക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) സംസ്ഥാനതല ഓണാഘോഷത്തിൽ ക്ലാസിക്കൽ മ്യൂസിക്, ക്ലാസിക്കൽ ഡാൻസ്, ഗാനമേള, നാടകം, കഥകളി, കഥാപ്രസംഗം, കളരിപ്പയറ്റ്, നാടൻ കലകൾ, വാദ്യമേളങ്ങൾ എന്നിവയും ടി.വി. ചാനലുകളും അച്ചടി മാധ്യമങ്ങളും അവതരിപ്പിക്കുന്ന മെഗാഷോയും സംഘടിപ്പിക്കുന്നുണ്ട്. ജില്ലാതല ആഘോഷങ്ങളിൽ വൃത്യസ്തങ്ങളായ കലാ പരിപാടികളാണ് സംഘടിപ്പിക്കാൻ ഉദ്ദേശിക്കുന്നത്.

(ഡി) ഈ വർഷത്തെ ഓണാഘോഷ പരിപാടികൾ വിജയകരമായി സംഘടിപ്പിക്കുന്നതിനായി ഇതിനകംതന്നെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി, മുഖ്യ രക്ഷാധികാരിയായി ജനറൽ കമ്മിറ്റിയും, ജനപ്രതിനിധികളും ഉദ്യോഗസ്ഥരും ഉൾപ്പെടുന്ന 10 ഫങ്ഷണൽ കമ്മിറ്റികളും രൂപീകരിച്ച് പ്രവർത്തനമാരംഭിച്ചു കഴിഞ്ഞു. തിരുവനന്തപുരത്ത് 16 വേദികളിലായി വിവിധ കലാപരിപാടികളോടുകൂടിയാണ് വാരാഘോഷ പരിപാടികൾ സംഘടിപ്പിക്കുന്നത്. ആഘോഷ പരിപാടികൾ നടക്കുന്ന തിരുവനന്തപുരം വെള്ളയമ്പലം മുതൽ എൽ.എം.എസ് ജംഗ്ഷൻവരെയുള്ള പ്രദേശം ഉത്സവ മേഖലയായി പ്രഖ്യാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആഘോഷ പരിപാടികളോടൊപ്പംതന്നെ ഫുഡ് ഫെസ്റ്റിവൽ, ട്രേഡ് ഫെസ്റ്റിവൽ എന്നിവയും സംഘടിപ്പിക്കുന്നതാണ്. വെള്ളയമ്പലം മുതൽ കിഴക്കേക്കോട്ട വരെയുള്ള സർക്കാർ, മറ്റു സ്വകാര്യ സ്ഥാപനങ്ങൾ എന്നിവയിൽ ആകർഷകമായ വൈദ്യുത ദീപാലങ്കാരം ഏർപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. നമ്മുടെ നിയമസഭയും അതിന്റെ ഭാഗമാണ്. ഓണം ഘോഷയാത്രയിൽ വിവിധ വിഷയങ്ങൾ ആധാരമാക്കിയുള്ള ആകർഷകമായ ഫ്ളോട്ടുകൾ ഒരുക്കുന്നതിനായി തിരുവനന്തപുരം ജില്ലയിലെ സർക്കാർ വകുപ്പുകൾ, സഹകരണ സ്ഥാപനങ്ങൾ/തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയ്ക്ക് പ്രത്യേകം തുക വിനിയോഗിക്കുന്നതിനുള്ള അനുവാദം നല്കുന്നതിനും നടപടി സ്വീകരിച്ചുവരുന്നു.

ശ്രീ. കെ. അജിത്: സർ, ഓണം ഇന്ന് ഒരു ദേശീയ ഉത്സവമായി മാറുകയാണ്. ഓണം മലയാളികൾക്ക് മാത്രമുള്ള ഉത്സവമല്ല. എല്ലാ മതക്കാർക്കും എല്ലാ സംസ്ഥാനത്തുള്ളവർക്കുമുള്ള ഉൽസവമായി മാറുകയാണ്. ഇതിന്റെ ഭാഗമായി അന്യദേശത്തുള്ള, കേരളത്തിന് വെളിയിലുള്ള മലയാളി കുടുംബങ്ങൾ കേരളത്തിലേയ്ക്ക് ഓണക്കാലത്ത് അവധിക്കു വരുമ്പോൾ ആ പ്രദേശത്തുള്ള മറ്റ് ഇതര കുടുംബങ്ങൾ കൂടി ഇത് കാണുവാനും അറിയാനും വരികയാണ്. ഈ സാഹചര്യത്തിൽ ഓണാഘോഷം ഒരാഴ്ചക്കാലമായി ആണ് നിജപ്പെടുത്തിയിരിക്കുന്നത്. അടുത്ത വർഷം തൊട്ട് ഓണാഘോഷം ഒരു മാസക്കാലത്തേയ്ക്ക് ആക്കി മാറ്റുകയും ഷോപ്പിംഗ് ഗ്രാന്റ് ഫെസ്റ്റിവൽ ഉൾപ്പെടെയുള്ള പരിപാടികൾ അക്കൂട്ടത്തിൽ കൂട്ടുമോ എന്നുമാണ് അറിയേണ്ടത് ?

ശ്രീ. എം. വിജയകുമാർ: വളരെ പ്രധാനപ്പെട്ട ചോദ്യമാണ് ശ്രീ. കെ. അജിത് ഇവിടെ ചോദിച്ചത്. ഓണം ഒരു ദേശീയ ഉത്സവമാണ്. അത് ഒരു മത സൗഹാർദ്ദത്തിന്റെ പ്രതീകം കൂടിയാണ്. ഓണം സാമൂഹികവും സാംസ്കാരികവും ദാർശനികവുമായ ഒരു ഉത്സവമാണ്. അതിന്റെ ഒരു പാട്ട് നമ്മൾ എല്ലാവരും പാടാറുണ്ട്. ഓണത്തിന്റെ ദർശനം,

LIBRARY ARCHIVES Kerala Legislative Assembly

മാവേലി നാടു വാണീടുംകാലം

മാനുഷരെല്ലാരും ഒന്നുപോലെ.

കള്ളവും ഇല്ല ചതിയുമില്ല

എള്ളോളമില്ല പൊളി വചനം.

അതിനേക്കാൾ വലിയ ഒരു ദർശനമുണ്ടോ സർ? അതാണ് ഓണത്തിന്റെ ദർശനം. ആ രൂപത്തിൽ ഓണത്തെ മാറ്റിയെടുക്കുവാൻ വേണ്ടിയാണ് ശ്രമിക്കുന്നത്. ഓണത്തെക്കുറിച്ച് പാടാത്തവരായി ആരുമില്ല. കവിത എഴുതാത്ത ഒരു കവിയും രാജ്യത്തില്ല. ഞാൻ തന്നെ ഒരു കവി അല്ലെങ്കിലും ആദ്യമായി ഒരു കവിത എഴുതിയത് ഓണത്തിന്റെ പേരിലാണ്..... (ബഹളം).....ഈ സന്ദർഭത്തിൽ അല്ല മറ്റൊരു സന്ദർഭത്തിൽ പാടാം. അല്ലെങ്കിൽ ഇത്തവണത്തെ ഓണത്തിന് പാടാം. ഓണം വരുകയല്ലേ? ശ്രീ. അജിത് ചോദിച്ചതുപോലെ പുറത്തുനിന്ന് ഒട്ടേറെ ആളുകൾ ഇത് കാണാൻവേണ്ടി വരുന്നു. അവർക്ക് സൗകര്യം ഒരുക്കുന്നതിനുവേണ്ടിയുള്ള ആസൂത്രിതമായ പരിപാടികൾ ഇത്തവണത്തെ ഓണാഘോഷ പരിപാടിയിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. ഒരു മാസക്കാലം നീണ്ടുനിൽക്കുന്ന പരിപാടികൾ ഇപ്പോൾ ആലോചനയിലില്ല.

ശ്രീ. കെ. അജിത്: സർ, ഓണാഘോഷ പരിപാടികളിൽ പല സ്ഥലങ്ങളിലും പ്രാദേശികമായി ഗവൺമെന്റ്, ഗവൺമെന്റ് ഇതര സംഘടനകൾ സഹകരിക്കുന്നുണ്ട്. ഇവർക്കൊക്കെ സാമ്പത്തിക സഹായം കൊടുക്കുന്നുണ്ട് എന്നാണ് അറിയുന്നത്. അങ്ങനെയെങ്കിൽ എത്രയാണ് സാമ്പത്തിക സഹായം? കിട്ടുന്ന സഹായം പരിമിതമാണെന്നാണ് പല സംഘടനകളും പറയുന്നത്. അത് വർദ്ധിപ്പിക്കുവാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. എം. വിജയകുമാർ: സംസ്ഥാനതലത്തിലെ പരിപാടികൾ തിരുവനന്തപുരത്താണ് നടക്കുന്നത്. മറ്റ് പതിമൂന്ന് ജില്ലകളിലും ഇതിന്റെ പരിപാടികൾ നടക്കുന്നുണ്ട്. അതിനുവേണ്ടിയുള്ള ബഡ്ജറ്റ് ഇപ്പോൾ അനുവദിച്ചിട്ടുണ്ട്. ആ ബഡ്ജറ്റ് എന്നുപറയുന്നത്, സംസ്ഥാനതലത്തിൽ ഒരു കോടി ഇരുപത്തിയഞ്ച് ലക്ഷം രൂപയുടെ പരിപാടികളാണ്. ഇവിടെ പതിനാറ് വേദികളിലായിട്ട് ഒരാഴ്ചക്കാലം നീണ്ടുനിൽക്കുന്ന പരിപാടികളാണ് പ്ലാൻ ചെയ്തിട്ടുള്ളത്. ജില്ലകളിലാണെങ്കിൽ ഓണാഘോഷ പരിപാടികൾക്കുവേണ്ടി കഴിഞ്ഞ വർഷം കൊടുത്തതിനേക്കാൾ അൻപത് ശതമാനം കൂട്ടിയാണ് തുക കൊടുക്കുന്നത്. കഴിഞ്ഞ വർഷം ഒരു ലക്ഷം കൊടുത്തത് ഒന്നര ലക്ഷമാണ്, കൊല്ലം ഒന്നര ലക്ഷം, പത്തനംതിട്ട ഒന്നര ലക്ഷം, ആലപ്പുഴ ഒന്നര ലക്ഷം, അങ്ങനെ ഓരോ ജില്ലകൾക്കും വർദ്ധിപ്പിച്ചിട്ടുണ്ട്. പ്രധാന കേന്ദ്രങ്ങൾ എന്ന നിലയിൽ എറണാകുളത്തിനും കോഴിക്കോടിനും 25 ലക്ഷം രൂപ വീതം നൽകുന്നുണ്ട്. ഇതിന് തദ്ദേശഭരണ സ്ഥാപനങ്ങളുടെ സഹായം വേണം, മറ്റ് സ്വകാര്യ മേഖലയുടെ സഹായവും വേണം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പള്ളിപ്രം ബാലൻ : സർ, വിനോദസഞ്ചാര വാരാഘോഷത്തിന് സർക്കാർ നൽകുന്ന സഹായത്തിനു പുറമെ മറ്റെന്തെല്ലാം രീതിയിൽ വരുമാനം ഉണ്ടാക്കുന്നതിനുവേണ്ടിയാണ് സർക്കാർ ഉദ്ദേശിക്കുന്നത്? അതോടൊപ്പംതന്നെ പിന്നോക്കം നിൽക്കുന്ന കാസർഗോട് കണ്ണൂർ ജില്ലകളിലെ ഡി.ടി.പി.സി. കൾക്ക് നിലവിൽ നൽകുന്ന സഹായത്തേക്കാൾ വർദ്ധിപ്പിച്ച തുക നൽകാൻ നടപടി സ്വീകരിക്കുമോ ?

ശ്രീ. എം. വിജയകുമാർ : ഓണാഘോഷം എന്നുപറയുന്നത് ഒരു ടൂറിസം വാരാഘോഷം കൂടിയാണ്. ടൂറിസത്തിന്റെ ഭാഗമായിട്ട് വലിയ നേട്ടങ്ങൾ നമുക്ക് ഉണ്ടാക്കിയെടുക്കാൻ സാധിക്കും. ആ രൂപത്തിലുള്ള പരിപാടികളാണ് ആവിഷ്കരിച്ചിരിക്കുന്നത്. പിന്നോക്കം നിൽക്കുന്ന ജില്ലകൾക്ക് പ്രത്യേക പരിഗണന കൊടുക്കുന്ന കാര്യം പ്രത്യേകം പരിശോധിക്കും.

ശ്രീ. കെ. രാജു: അങ്ങ് ഇവിടെ വിശദീകരിച്ച ഓണാഘോഷ പരിപാടികൾ പലതും നഗരം കേന്ദ്രീകരിച്ചുള്ളവയാണ്. ഉൾപ്രദേശങ്ങളിൽ കൂടി ഈ ആഘോഷം സംഘടിപ്പിക്കുന്നതിനുവേണ്ടി പഴയകാല കലകളും കായിക പരിപാടികളും ഒക്കെ സംഘടിപ്പിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതുണ്ട്. തുമ്പിതുള്ളൽ, പുലികളി, ഓണത്തല്ല്, ഓണപ്പാട്ട്, കിളിത്തട്ട്, കുഴിപ്പന്ത്, ഊഞ്ഞാലാട്ടം, ഉറിയടി, കഴകയറ്റം, തിരുവാതിര, പെണ്ണുകളി, ചിട്ടുകളി, വട്ടുകളി ഇങ്ങനെയുള്ള നാട്ടിൻപുറങ്ങളിലുള്ള ഏറ്റവും പ്രധാനപ്പെട്ട പഴയകാല കലാപരിപാടികളും കായിക പരിപാടികളും നടത്തേണ്ടത് ആവശ്യമാണ്. അതിനാവശ്യമായ പ്രോൽസാഹനം ഉണ്ടാകുമോ ?

ശ്രീ. എം. വിജയകുമാർ : ഇതെല്ലാം ചേർന്നതാണ് ഓണാഘോഷം. പക്ഷേ ഒരു കാര്യം പാടില്ല വട്ടുകളി. അതു വേണ്ട. അതൊഴിച്ച് ബാക്കി കളികളെല്ലാം സാധാരണ നടത്തുന്നതാണ്. അദ്ദേഹം പറഞ്ഞത് ഇത് നഗര കേന്ദ്രീകൃതമാണെന്നാണ്. അത് ശരിയല്ല. സംസ്ഥാനതല ഉദ്ഘാടനവും ചടങ്ങുകളും മാത്രമേ നഗരത്തിലുള്ളൂ. പതിനാല് ജില്ലകളിലും ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലാണ് ഈ പരിപാടികൾ പ്ലാൻ ചെയ്യുന്നത്. ഗ്രാമങ്ങളിലേയ്ക്ക് ഇത് പോകേണ്ടതായിട്ടുണ്ട്.

ശ്രീ. പി. തിലോത്തമൻ: സർ, ഓണാഘോഷ പരിപാടികൾ ഗംഭീരമായി വിജയിപ്പിക്കാൻ പരിപാടി ആവിഷ്കരിച്ചതിനെക്കുറിച്ച് അങ്ങ് പറയുകയുണ്ടായി. ഘോഷയാത്രയിലും മറ്റും പങ്കെടുക്കുന്ന സന്നദ്ധ സംഘടനകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, സഹകരണ സംഘങ്ങൾ അവർക്കെല്ലാം അതിനുണ്ടാകുന്ന ചെലവുകൾ വഹിക്കുന്നതിന് പെർമിസീവ് സാംഗ്ഷൻ നൽകുമെന്നും പറഞ്ഞു. അതോടൊപ്പം മറ്റ് സംസ്ഥാനങ്ങളിലെ കലാരൂപങ്ങളും കാലാകാരൻമാരുടെ സംഘടനകളേയും ക്ഷണിച്ച് നമ്മുടെ സംസ്ഥാന തലത്തിലും ജില്ലാ അടിസ്ഥാനത്തിലും നടക്കുന്ന ആഘോഷ ങ്ങളിൽ പങ്കെടുപ്പിക്കാൻ ആവശ്യമായ നടപടികൂടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. വിജയകുമാർ : അതും ഇതിന്റെ ഭാഗമായി ചെയ്യുന്നുണ്ട്. ഇത് വിദേശ ടൂറിസ്റ്റുകളേയും ആഭ്യന്തര ടൂറിസ്റ്റുകളേയും ആകർഷിക്കത്തക്ക നിലയിലാണ് ആസൂത്രണം ചെയ്തിരിക്കുന്നത്. മറ്റ് സംസ്ഥാനങ്ങളിലെ കലാകാരൻമാരെ പങ്കെടുപ്പിച്ചുകൊണ്ടുള്ള കലാപരിപാടികളും ഇതിന്റെ ഭാഗമായി നടത്തുന്നുണ്ട്.

ശ്രീ. കെ. ശിവദാസൻ നായർ: സർ, നമ്മുടെ നാട്ടിലെ ഓണാഘോഷങ്ങൾ സമാപിക്കുന്നത് ആറൻമുള ഉത്തൃട്ടാതി വള്ളംകളി യോടുകൂടിയാണ്. ഈ ഉത്തൃട്ടാതി വള്ളംകളി ദേശീയ ശ്രദ്ധ ആകർഷിച്ച ഒരു ആഘോഷംതന്നെയാണ്. പക്ഷേ നമ്മുടെ സംസ്ഥാന ഗവൺമെന്റ് വളരെ ചെറിയ സഹായം മാത്രമേ സാധാരണഗതിയിൽ ചെയ്യാറുള്ളൂ. ടൂറിസം ഡിപ്പാർട്ടുമെന്റ് 50,000 രൂപ മാത്രമാണ് വള്ളംകളിക്ക് നൽകുന്നത്. അതുകൊണ്ട് വള്ളംകളി നിലനിർത്തുന്നതിനും ഇത് ശരിയായ രീതിയിൽ പ്രചരണം നടത്തി ടൂറിസ്റ്റുകളെ ആകർഷിക്കുന്നതിനുമായി ഓണാഘോഷ ങ്ങളുടെ സമാപന ദിവസം നടക്കുന്ന ഏറ്റവും പ്രധാനപ്പെട്ട ചടങ്ങ് എന്നുള്ള നിലയിൽ ഓണാഘോഷ പരിപാടിയുടെ ഭാഗം എന്നുള്ള നിലയിൽ ഇതിനെ മാറ്റുമോ?

ശ്രീ. എം. വിജയകുമാർ : വള്ളംകളി ദേശീയ ശ്രദ്ധ ആകർഷിച്ചുവരുന്ന ഒരു പരിപാടിയാണ്. ഇപ്പോൾ നെഹ്റു ട്രോഫി വള്ളംകളി കഴിഞ്ഞാൽ ഏറ്റവും കൂടുതൽ ദേശീയ ശ്രദ്ധ ലഭിച്ചിട്ടുള്ള വള്ളംകളിയാണിത്. പക്ഷേ ആ രൂപത്തിലുള്ള ഒരു വളർച്ച ഉണ്ടെന്ന് പറയാനാകില്ല. അങ്ങ് പറഞ്ഞതിനോട് ഞാൻ യോജിക്കുന്നു. കൂടുതൽ പരിഗണന നൽകേ ണ്ടതായിട്ടുണ്ട്. ഓണാഘോഷത്തിന്റെ ഭാഗമായി ഇതിനെ എങ്ങനെ മാറ്റാൻ സാധിക്കുമെന്നുള്ള കാര്യം പരിശോധിക്കുന്നതാണ്.

ശ്രീ. വി. ശിവൻകുട്ടി: സർ, കേരളോൽസവത്തെ സംബന്ധി ച്ചിടത്തോളം നമ്മൾ ഈ സഭയിൽ ചർച്ച ചെയ്തു. അതുപോലെ എല്ലാ ജില്ലകളിലും സസ്യ-പുഷ്പ-ഫല പ്രദർശനം നടക്കുന്നുണ്ട്. കേരളോൽ സവവും സസ്യ-പുഷ്പ-ഫല പ്രദർശനവും ഓണാഘോഷവുമായി ബന്ധപ്പെട്ട് നടത്തണം. ഘോഷയാത്രയിൽ മുൻപ് കേന്ദ്ര ഗവൺമെന്റ് സ്ഥാപനങ്ങളുടെ ഫ്ളോട്ടുകളും പങ്കെടുത്തിരുന്നു. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിന്റെ സഹായവുംകൂടി തേടിക്കൊണ്ട് ഘോഷയാത്രയിൽ കൂടുതൽ കേന്ദ്ര ഗവൺമെന്റ് സ്ഥാപനങ്ങളെകൂടി പങ്കെടുപ്പിക്കുവാനും അന്യ സംസ്ഥാനങ്ങളിലെ കൾച്ചറൽ സെന്ററുമായി ബന്ധപ്പെട്ട്, മറ്റ് സംസ്ഥാനങ്ങളിലെ സാംസ്ക്കാരിക പരിപാടി അവതരിപ്പിക്കുന്നതിനുവേണ്ടി പ്രത്യേകം ഒരു വേദികൂടി തുടങ്ങുന്നകാര്യവും ഗവൺമെന്റ് ഗൗരവമായി ആലോചിക്കുമോ?

ശ്രീ. എം. വിജയകുമാർ : സർ, ബഹുമാനപ്പെട്ട മെമ്പർ ശ്രീ. ശിവൻകുട്ടി ചോദ്യം ചോദിക്കേണ്ട ആൾ മാത്രമല്ല ഉത്തരം പറയേണ്ട ആളും കൂടിയാണ്. അദ്ദേഹമാണ് ഇതിന്റെ പ്രധാനപ്പെട്ട സംഘാടകൻ.

പ്രോഗ്രാം കമ്മിറ്റിയുടെ ചെയർമാൻ തന്നെ ശ്രീ. വി. ശിവൻകുട്ടിയാണ്. ഈ പറഞ്ഞ കാര്യങ്ങളൊക്കെത്തന്നെ നമുക്ക് പരിശോധിക്കാം. കേരളോൽസവത്തെക്കുറിച്ച് അദ്ദേഹം പറഞ്ഞത്, ഓണാഘോഷത്തിന് തുടക്കം കുറിക്കുന്നത് കേരളോൽസവങ്ങളാണ്. യുവജനക്ഷേമ ബോർഡിന്റെ നേതൃത്വത്തിലുള്ള കേരളോൽസവം ഗ്രാമങ്ങളിൽ നടക്കുന്നത് ഓണാഘോഷത്തിന്റെ തുടക്കം തന്നെയാണ്. മറ്റ് കാര്യങ്ങൾ ഇതിന്റെ ഭാഗമായി നടത്തുന്നതാണ്.

ശ്രീ. സി. പി. മുഹമ്മദ് : ഓണാഘോഷത്തിൽ പ്രധാനമായും ചിന്തിക്കേണ്ടത് തന്റെ പ്രജകളെ കാണാൻ വരുന്ന മാവേലിക്ക് സുഖകരമായി വന്ന് തിരിച്ചു പോകാനുള്ള സൗകര്യമാണ്. നഗരം മാലിന്യമുക്തമാക്കണം. തിരുവനന്തപുരത്തെ പൊല്യൂഷൻ കംട്രോൾ ബോർഡിന്റെ ചുവട്ടിലാണ്, വൈദ്യരമ്മ പുഴുത്തു ചത്തതുപോലെ മാലിന്യം കൂട്ടിയിട്ടിരിക്കുന്നത്. ഞാൻ കണ്ട കാര്യമാണ്. അതുകൊണ്ട് ഓണാഘോഷം നടക്കുന്നതിനു മുൻപായി നമ്മുടെ നഗരങ്ങൾ മാലിന്യമുക്തമാക്കാൻ നടപടി എടുക്കുമോ? കഴിഞ്ഞ ചോദ്യത്തിന് ചോദിക്കാൻ ഉദ്ദേശിച്ചതാണ്. അത് ഇതിൽ ക്ലബ്ബ് ചെയ്തതാണ്.

ശ്രീ. എം. വിജയകുമാർ: സർ, മാലിന്യമുക്തമായ കേരളമാണ് നമ്മുടെ ലക്ഷ്യം. അത് അര മണിക്കൂറിലേറെ സമയമെടുത്ത് ചർച്ച നടന്നിരിക്കുകയാണ്. ഓണത്തിനുവേണ്ടി മാത്രം മാലിന്യമുക്തമല്ല. എപ്പോഴും മാലിന്യമുക്തമായിരിക്കണം. അതാണ് നമ്മുടെ ലക്ഷ്യം അതിനു വേണ്ടിയൊക്കെയാണ് പ്രവർത്തനം നടത്തുന്നത്. മാവേലിയെ വരവേൽക്കാൻ വേണ്ടിയാണ് ഓണം. പക്ഷേ മാവേലിയെ വരവേൽക്കാൻ വേണ്ടി നമ്മൾ തയ്യാറെടുക്കുമ്പോൾ മാവേലി വരികയും വേണം. കഴിഞ്ഞ കാലങ്ങളിൽ നിന്നും വ്യത്യസ്തമായി മാവേലി ഇപ്പോൾ ഇങ്ങോട്ടുതന്നെ കാര്യങ്ങൾ അന്വേഷിച്ചുവരുന്ന ഒരു നല്ല സാഹചര്യം കേരളത്തിൽ സംജാതമായിട്ടുണ്ട്.

മി. സ്പീക്കർ : ഇത് ഔദ്യോഗികമായിട്ടാണോ പറയുന്നത്. മാവേലി ഇങ്ങോട്ട് വരുന്ന കാര്യം സഭയിലാണ് പറയുന്നത്.

ശ്രീ. സാജു പോൾ : ഓണം, വിഷു, ക്രിസ്തുമസ്, ഈസ്റ്റർ, പുതുവൽസരം തുടങ്ങിയവയുടെയൊക്കെ പൊലിമ ഇന്ന് കണക്കാക്കുന്നത് ഓരോ ആഘോഷത്തിന്റേയും ഭാഗമായി ചെലവാകുന്ന മദ്യത്തിന്റെ അളവ് കണക്കാക്കിയാണ്. കേരളത്തിന്റെ സമൂഹിക - ആരോഗ്യ-വിദ്യാഭ്യാസ രംഗങ്ങളിൽ മഹത്തായ സംഭാവന നൽകിയിട്ടുള്ള കത്തോലിക്ക സഭ കഴിഞ്ഞ കുറേ വർഷങ്ങളായി ലഹരി വിമുക്ത ക്രിസ്തുമസ് എന്ന ക്യാമ്പെയിൻ നടത്തിവരികയാണ്. അഭിനന്ദനാർഹമായ രീതിയിൽ കത്തോലിക്ക സഭ സംഘടിപ്പിച്ച ഈ ലഹരി വിമുക്ത ക്രിസ്തുമസിന്റെ മാതൃകയിൽ ഇക്കൊല്ലത്തെ ഓണം വാരാഘോഷം ലഹരി വിമുക്ത ഓണാഘോഷമായി പ്രഖ്യാപിച്ച് മദ്യത്തിനെതിരെ ഒരു വൻ ക്യാമ്പെയിൻ ഓണത്തോടനുബന്ധിച്ച് ആരംഭിക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. വിജയകുമാർ : സർ, ഓണം എന്ന് പറയുന്നത് സാംസ്ക്കാരിക പൈതൃക സമ്പത്താണ്. അതിൽ മദ്യത്തിന് ഒരു സ്ഥാനവുമില്ല. അത് പ്രത്യേകിച്ച് പറയേണ്ട കാര്യമില്ല. മദ്യ രഹിതമായ ഓണമെന്ന് പറഞ്ഞ് ഓണത്തിന്റെ ഭംഗി കെടുത്തരുത്. അതുകൊണ്ട് ഇക്കാര്യത്തിൽ യാതൊരു ആശങ്കയ്ക്കും അടിസ്ഥാനമില്ല.

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : സർ, ഓണം കേവലം ഒരാഘോഷം എന്നതിനേക്കാളുപരി ഭരണാധികാരികളുടെ ദുരഭിമാനം വെടിയണമെന്ന ഗുണപാഠം കൂടി നൽകുന്നുണ്ട്. കാരണം ഏറ്റവും നീതിമാനും എല്ലാവരും അംഗീകരിക്കുന്നതുമായ ഒരു ഭരണാധികാരിക്ക് മൂന്നടി മണ്ണ് ചോദിച്ചിട്ട് രണ്ടടി മണ്ണ് മാത്രമാണ് വാമനന് കൊടുക്കാൻ സാധിച്ചതെന്ന പാഠത്തിന് സമാനമായി ലോക ചരിത്രത്തിൽ വേറെയുമുണ്ട് ഉദാഹരണങ്ങൾ. ഇസ്ലാമിക ചരിത്രത്തിലെ സുലൈമാൻ നബി എന്ന പ്രവാചകന് കടലിലെ മത്സ്യത്തിന് മുഴുവൻ ഭക്ഷണം കൊടുക്കാൻ പറയുമ്പോൾ ഒരു മത്സ്യത്തിനുപോലും ഭക്ഷണം കൊടുക്കാൻ കഴിയില്ലെന്ന് മനസ്സിലാവുകയും ദൈവത്തിനുമുമ്പിൽ നമിക്കുകയും ചെയ്യുന്ന ഒരു ചരിത്രം പറയുന്നുണ്ട്. ദുരഭിമാനികളായി നടിക്കുന്ന ഭരണാധികാരികൾക്ക് നൽകുന്ന ഒരു ഗുണപാഠം കൂടിയാണ് ഇത്. അതുകൊണ്ടുതന്നെ ഒരു ഉത്സവം എന്നതിനോടൊപ്പം സമൂഹത്തിന് നല്ല സന്ദേശം കൂടി നൽകാൻ ഇതുവഴിയുള്ള ബോധവത്ക്കരണത്തിലൂടെ സാധിക്കുമോ ?

ശ്രീ. എം. വിജയകുമാർ : സർ, ഞാൻ ആദ്യത്തെ ചോദ്യത്തിന് ഉത്തരം പറഞ്ഞു, ഇതൊരു ദർശനമാണ്. സമത്വസുന്ദരവും സമ്പദ് സമൃദ്ധവുമായ ഒരു കേരളമാണ് ഓണത്തിന്റെ ദൃശ്യം. ഇന്നത്തെ ഭരണാധികാരികൾതന്നെ അതൊരു മാതൃകയാക്കേണ്ടതാണ്. മാവേലി ഇന്നത്തെ ഭരണാധികാരികളുടെ ഒരു ഗുരുനാഥനാണ്. അങ്ങനെയുള്ളൊരു കേരളം കെട്ടിപ്പടുക്കുവാൻവേണ്ടിയാണ് സംസ്ഥാന സർക്കാർ ഇപ്പോൾ പ്രവർത്തിക്കുന്നത്. തീർച്ചയായും ആ രൂപത്തിലുള്ള പ്രവർത്തനങ്ങളാണ് നടത്തുന്നത്.

ശ്രീ. എം. ചന്ദ്രൻ : സർ, ഉത്സവാഘോഷങ്ങളിൽ കേരളീയരുടെ പങ്കാളിത്തം അനുദിനം വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. നാട്ടിൻപുറങ്ങളിൽ നടക്കുന്ന കൊച്ചുകൊച്ച് ഉത്സവങ്ങൾപോലും ഇപ്പോൾ വിപുലമായ രീതിയിലാണ് നടത്തിക്കൊണ്ടിരിക്കുന്നത്. അതേ സമയം ടൂറിസം പ്രൊമോഷൻ കൗൺസിലുകൾ ജില്ലാ കേന്ദ്രങ്ങളിൽ നടത്തുന്ന ഓണാഘോഷ പരിപാടികളൊക്കെ പുതുമ നഷ്ടപ്പെട്ട് പതിവ് പരിപാടികളായി മാറിക്കൊണ്ടിരിക്കുകയാണ്. ഇതിനൊരു മാറ്റം വരുത്തണം. അതോടൊപ്പംതന്നെ എല്ലാവിഭാഗം ജനങ്ങളും ഒരുമിച്ച് ആഘോഷിക്കുന്ന ഓണാഘോഷ പരിപാടികൾ താലൂക്ക് കേന്ദ്രങ്ങളിലേയ്ക്കുകൂടി മാറ്റി വികേന്ദ്രീകരിച്ച് നടപ്പിലാക്കാൻ അങ്ങ് മുൻകയ്യെടുക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. വിജയകുമാർ : സർ, അത്തരത്തിൽ വികേന്ദ്രീകൃതമായി നടത്തുന്നതിന് ഇപ്പോൾ തന്നെ അനുവാദം നൽകിയിട്ടുണ്ട്. ജില്ലകളിൽ ഇപ്പോൾ നടത്തുന്നത് ജില്ലാ കളക്ടർ ചെയർമാനായിട്ടുള്ള ടൂറിസം പ്രൊമോഷൻ കൗൺസിലുകളാണ്. ബഹുമാനപ്പെട്ട എം.എൽ.എ. മാരെല്ലാം അതിൽ പ്രധാനപ്പെട്ട പങ്ക് വഹിക്കുന്നുണ്ട്. ഇത്തവണത്തെ ഓണാഘോഷത്തിന്റെ ഏറ്റവും വലിയ പ്രത്യേകത, 2010 ഒക്ടോബറിൽ നടക്കുന്ന കോമൺ വെൽത്ത് ഗെയിംസിന്റെ ക്യൂൻസ് ബാറ്റൺ വരുന്നുണ്ടെന്നുള്ളതാണ്. ഓഗസ്റ്റ് 26-ാം തീയതി ക്യൂൻസ് ബാറ്റൺ വരുമ്പോൾ ഓണാഘോഷ വേദിയിൽ വച്ചാണ് വരവേൽക്കുന്നത്. ആ രൂപത്തിലുള്ള വലിയൊരു പ്രത്യേകത ഇത്തവണത്തെ ഓണാഘോഷത്തിനുണ്ട്.

ശ്രീ. പി. സി. ജോർജ് : സർ, ബഹുമാനപ്പെട്ട മന്ത്രി മറുപടി പറഞ്ഞ ദർശനമൊക്കെ കൊള്ളാം. പക്ഷേ ഒന്നരക്കോടി രൂപ ചെലവഴിക്കുന്നു, അതിൽ എറണാകുളത്തും കോഴിക്കോട്ടും 25 ലക്ഷം രൂപവച്ച് കൊടുക്കുന്നു, മറ്റ് പല ജില്ലകളിലും ഒരുലക്ഷമോ ഒന്നര ലക്ഷമോ രൂപ കൊടുക്കുന്നു. ഇവിടെ ഡിസ്ക്രിമിനേഷനാണ് കാണുന്നത്. ഇത് തിരുവോണമല്ലേ ? 140 നിയോജകമണ്ഡലങ്ങളുടേയും ആസ്ഥാനങ്ങളിൽ തിരുവോണത്തിന്റെ ഉത്സവം ഒരു വലിയ ആഘോഷമാക്കാൻ ഗവൺമെന്റ് പ്രത്യേകമായി മുൻകയ്യെടുക്കുമോ ?

ശ്രീ. എം. വിജയകുമാർ : സർ, ഇന്ന് നടന്നുകൊണ്ടിരിക്കുന്ന കാര്യങ്ങളാണ് ഇവിടെ സൂചിപ്പിച്ചത്. 140 നിയോജകമണ്ഡലങ്ങളിൽ മാത്രമല്ല, കേരളത്തിലെ എല്ലാ ഗ്രാമങ്ങളിലും ഇത് ഏറ്റെടുത്ത് നടത്തുന്നതാണ്.

മി. സ്പീക്കർ : ചോദ്യം നമ്പർ 483

ഇൻഫർമേഷൻ കേരള മിഷൻ

3(*483) ശ്രീ. പി. കൃഷ്ണപ്രസാദ് :
ശ്രീ. ബാബു എം. പാലിശ്ശേരി :
ശ്രീ. എ. പ്രദീപ്കുമാർ :
ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇൻഫർമേഷൻ കേരള മിഷന്റെ ഉദ്ദേശലക്ഷ്യങ്ങൾ വ്യക്തമാക്കുമോ ;

(ബി) കഴിഞ്ഞ വർഷം ഏതെല്ലാം പ്രവർത്തനങ്ങളാണ് നടത്തിയതെന്ന് വെളിപ്പെടുത്തുമോ ;